**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5080** **20-03-2025 - ൽ മറുപടിയ്ക്ക്**

**പരുന്തുംപാറയിൽ ഭൂമി കയ്യേറിയുള്ള നിർമ്മാണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി പരുന്തുംപാറയിൽ സർക്കാർ ഭൂമി കയ്യേറി വൻകിട നിർമ്മാണങ്ങൾ നടത്തിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ വിഷയത്തിന്മേൽ എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ; | (എ) | ഇടുക്കി ജില്ലയിൽ പരുന്തുംപാറയിൽ സർക്കാർ ഭൂമി കയ്യേറി വൻകിട നിർമ്മാണങ്ങൾ നടത്തിയത് ഗൗരവത്തോടെ വീക്ഷിച്ചു വരുന്നു. പീരുമേട് താലൂക്കിൽ പീരുമേട്, മഞ്ചുമല എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട പരുന്തുംപാറ വിനോദസഞ്ചാര മേഖലയിൽ ഏകദേശം 17 ഹെക്ടറോളം സർക്കാർ ഭൂമി കയ്യാല കെട്ടിത്തിരിച്ച് കൈവശപ്പെടുത്താൻ ശ്രമം നടത്തിയത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി ഭൂമിയിൽ സർക്കാർ വക എന്ന് സൂചിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. ടി കയ്യേറ്റം നടത്തിയ വ്യക്തികൾ സ്ഥലത്ത് കൃഷിയോ നിർമാണപ്രവർത്തനങ്ങളോ നടത്തിയിട്ടില്ലാത്തതും യാതൊരു അവകാശവാദവും ഉന്നയിച്ച് വന്നിട്ടില്ലാത്തതിനാലും ആളുകളെ തിരിച്ചറിഞ്ഞ് കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ എടുക്കുവാൻ സാധിക്കാതെ വന്നിട്ടുള്ളതാണ്. മഞ്ചുമല വില്ലേജിലെ സർവ്വെ നമ്പർ 441 ൽ പട്ടയമോ ആധികാരിക രേഖകളോ ഇല്ലാതെ സർക്കാർ വസ്തു കൈയ്യേറി കെട്ടിടം നിർമ്മിച്ച വ്യക്തിയെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഒഴിപ്പിച്ചിട്ടുള്ളതാണ്. മറ്റ് കെട്ടിടങ്ങൾ പട്ടയത്തിലെ സർവ്വേ നമ്പറും കൈവശത്തിലെ സർവ്വേ നമ്പറും (534, 441) പരസ്പരം മാറിയ കേസുകളാണ്. പട്ടയത്തിലെ സർവ്വെ നമ്പർ മാറിയത് സംബന്ധിച്ച് അന്വേഷണം നടത്തി കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത കയ്യേറ്റം സംബന്ധിച്ച് റവന്യൂ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണ്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ജില്ലാ കളക്ടറുടെ നിർദേശപ്രകാരം 15 അംഗ അന്വേഷണസംഘം കയ്യേറ്റം തിട്ടപ്പെടുത്തുന്നതിനായി രേഖകൾ പരിശോധിച്ചുവരുന്നു. കൂടാതെ 8 അംഗ സർവ്വേ സംഘവും പരിശോധന നടത്തി വരുന്നു |
| (സി) | സർക്കാർ ഭൂമിയുടെ കയ്യേറ്റം തടയുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ | (സി) | പ്രസ്തുത സർക്കാർ ഭൂമിയുടെ കയ്യേറ്റം തടയുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ടോ എന്നതു |

| | | | |
|---|---|---|---|
| | നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ? | | സംബന്ധിച്ച വിവരം നിലവിൽ കണ്ടെത്തിയിട്ടില്ല. സർക്കാർ ഭൂമിയിൽ കയ്യേറ്റം തടയുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായി കണ്ടെത്തിയാൽ ടി ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ